(സി) എങ്കിൽ, കാരണം വ്യക്തമാക്കാമോ ;

(ഡി) ഓഫീസ് മാറ്റുവാനുള്ള തീരുമാനം വളരെയധികം ബുദ്ധിമുട്ട് സൃഷ്ടിക്കുമെന്ന് കാണിച്ചുകൊണ്ട് കയർ തൊഴിലാളികളും അനുബന്ധ ജീവനക്കാരും നൽകിയ പരാതിയിൻമേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടി എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നോർത്ത് പറവൂർ കയർ പ്രോജക്ട് ഓഫീസ് നോർത്ത് പറവൂരിൽ പ്രവർത്തനം ആരംഭിച്ചിട്ട് 40 വർഷത്തോളമായി

(ബി) ഇല്ല.

(സി&ഡി) ബാധകമല്ല.

ചേർത്തല താലൂക്കിലെ പുതിയ കയർപിരി സംഘങ്ങൾ

224. (7185) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പരമ്പരാഗതവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർത്തല താലൂക്കിൽ പുതുതായി എത്ര കയർപിരി സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) പുതിയ സഹകരണസംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു ;

(സി) സംഘങ്ങൾ രൂപീകരിക്കുന്നതിന് പ്രവർത്തന പരിധിയും അംഗത്വ നിയന്ത്രണവും ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ഡി) കൂടുതൽ കയർപിരിക്കാരുള്ള വാർഡുകളിൽനിന്നും പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്തു നൽകാതിരിക്കുകയും നിലവിലുള്ള സംഘങ്ങളിൽ പുതിയ അംഗങ്ങളെ ചേർക്കാതിരിക്കുകയും ചെയ്യുന്നുവെന്ന പരാതി പരിശോധിക്കുമോ ;

(ഇ) പുതിയ സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നത് ഏതു പദ്ധതി പ്രകാരമാണ് ; വിശദമാക്കുമോ ?

ഉത്തരം

(എ) 4 കയർപിരി സംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. കളത്തിപ്പറമ്പ് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 1108

2. ശാന്തിക്കവല കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 1281

3. മായിത്തറ ബാപ്പുജി കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 1285

4. മരുത്തോർവട്ടം കസ്തൂർബാ കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ എ. 1284

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള സഹകരണ സംഘം നിയമം 1969-ലെ വകുപ്പുകളും ചട്ടങ്ങളും അനുസരിച്ചാണ് സംഘങ്ങൾ രജിസ്റ്റർ ചെയ്തത്.

(സി) ഓരോ സംഘത്തിന്റെയും ബൈലായിലെ വ്യവസ്ഥകൾക്ക് വിധേയമായി പ്രവർത്തനപരിധി നിശ്ചയിക്കാവുന്നതാണ്. ഒരു പ്രത്യേക ഉദ്ദേശത്തോടുകൂടി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഒരു സഹകരണസംഘത്തിന്റെ പ്രവർത്തന പരിധിക്കുള്ളിൽ അതേ ഉദ്ദേശത്തോടുകൂടിയ മറ്റൊരു സഹകരണസംഘം രജിസ്റ്റർ ചെയ്യാൻ പാടില്ല എന്ന രീതിയിൽ പ്രവർത്തന പരിധി സഹകരണ നിയമത്തിലും അതനുസരിച്ച് തയ്യാറാക്കുന്ന ബൈലായിലും നിഷ്കർഷിച്ചിട്ടുണ്ട്. ഓരോ സംഘങ്ങളുടേയും അംഗങ്ങളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല. എന്നാൽ ഒരു സംഘം രജിസ്റ്റർ ചെയ്യുന്നതിന് വ്യത്യസ്ത കുടുംബങ്ങളിൽപ്പെട്ട 25 പേരെങ്കിലും അപേക്ഷകരായി ഉണ്ടായിരിക്കണം.

(ഡി) അത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി അപേക്ഷ സമർപ്പിക്കുന്ന സംഘങ്ങൾക്ക് പ്രോജക്ട് ഓഫീസറുടെ ശുപാർശ പ്രകാരം പ്രധാനമായും സർക്കാർ ഓഹരി പങ്കാളിത്തം അനുവദിക്കാറുണ്ട്.

അരൂർ-ചേർത്തല മണ്ഡലങ്ങളിലെ കയർപിരി സംഘങ്ങൾ

225 (7196) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ-ചേർത്തല മണ്ഡലങ്ങളിൽ പുതുതായി കയർപിരി സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് കയർവികസന വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത സംഘങ്ങൾ ഏതെല്ലാം ഓഫീസുകളിൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) ഓരോ സംഘങ്ങൾക്കും പ്രവർത്തന പരിധി, അംഗങ്ങളുടെ എണ്ണം എന്നിവ നിജപ്പെടുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) ഇതുവരെ എത്ര സംഘങ്ങൾ രജിസ്റ്റർ ചെയ്തു ; ഏതെല്ലാം ?

ഉത്തരം

(എ) അരൂർ-ചേർത്തല മണ്ഡലങ്ങളിൽ പുതുതായി കയർപിരി സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് കയർ വികസന വകുപ്പ് പ്രത്യേകം നിർദ്ദേശം നൽകിയിട്ടുള്ളതായി അറിവില്ല.

(ബി) കയർപിരി സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുള്ളത് 1969-ലെ കേരള സഹകരണ നിയമം അനുസരിച്ചാണ്.

LIBRARY ARCHIVES Kerala Legislative Assembly